**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1866** **29-07-2021 - ൽ മറുപടിയ്ക്ക്**

**മരംമുറി ഉത്തരവ് റദ്ദാക്കുന്നത് സംബന്ധിച്ച നിയമോപദേശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . എൻ . ഷംസുദീൻ** | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | റവന്യൂ വകുപ്പിന്റെ വിവാദമായ മരംമുറി ഉത്തരവ് റദ്ദാക്കുന്നത് സംബന്ധിച്ച് നിയമവകുപ്പിന്റെ ഉപദേശം റവന്യൂ വകുപ്പ് തേടിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ; | (എ) | (എ) റവന്യൂ വകുപ്പിന്റെ 24.10.2020-ലെ സ.ഉ.(കൈ)നം.261/2020/റവ നമ്പർ ഉത്തരവ് റദ്ദാക്കിക്കൊണ്ട് പുതുക്കിയ നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് നിയമ വകുപ്പിന്റെ ഉപദേശം ആരാഞ്ഞുകൊണ്ട് റവന്യൂ വകുപ്പ് നിയമവകുപ്പിന് യു.3/187/2019/റവ നമ്പർ ഫയൽ 03.12.2020 തീയതിയിൽ നൽകിയിട്ടുള്ളതും ആയതു സംബന്ധിച്ച് നിയമവകുപ്പിൽ നിന്നും 17849/ഉപദേശ ജി2/2020/നിയമം നമ്പർ ഫയലിൽ നിയമ സെക്രട്ടറി 20.01.2021 തീയതിയിൽ താഴെപ്പറയും പ്രകാരം ഉപദേശം നൽകിയിരുന്നു. “2017-ലെ ഭേദഗതി ചട്ടങ്ങൾ (എസ്.ആർ.ഒ.621/2017) നിലവിൽ വന്ന തീയതിക്ക് മുൻപ് നിലനിന്നിരുന്ന 1964-ലെ ഭൂപതിവ് ചട്ടങ്ങളിലെ വ്യവസ്ഥ പ്രകാരം "Reserved trees” (Appendix III) മുറിക്കുന്നത് സംബന്ധിച്ച നിബന്ധന വ്യവസ്ഥകൾ ചട്ടം 10(3)-ൽ വ്യക്തമാക്കിയിരുന്നു. ടി ചട്ടങ്ങളിലെ ചട്ടം 9(2)-ന കീഴിലുള്ള Appendix II നിബന്ധന 1, 2 വ്യവസ്ഥ പ്രകാരം 'Scheduled trees' അതായത് Teak, Black Wood, Ebony, Sandal Wood എന്നീ മരങ്ങളുടെ അവകാശം സർക്കാരിനാണെന്നും അതിന്റെ പരിപാലന ചുമതല അസൈനിക്ക മാത്രമാണുള്ളതെന്ന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ, 2017-ലെ ഭേദഗതിയിൽ 'Scheduled trees' എന്ന പരാമർശം Appendix II, II A എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല. പുതുതായി ചേർത്ത നിബന്ധന '2' പ്രകാരം "The right over trees in the assigned land as per Rule 10(3)” എന്ന് മാത്രം പരാമർശിച്ചത് മൂലം, മുൻപ് ലിസ്റ്റ് ചെയ്തിരിക്കുന്ന തേക്ക്, ചന്ദനം മുതലായ Scheduled trees-ന്റെ അവകാശം സംബന്ധിച്ച കാര്യത്തിൽ വ്യക്തത കുറവ് ഉണ്ടായി എന്നുമാത്രമല്ല, നിലവിലുള്ള 'Appendix III – Reserved trees' ഗണത്തിൽ |

| | | | |
|---|---|---|---|
| | | | മേൽപരാമർശിച്ച 'Scheduled trees' ഉൾപ്പെടുന്നുമില്ല. 1986 ലെ Kerala Preservation of Trees Act ന്റെ വകുപ്പ് 22,4 എന്നിവയ്ക്ക് വിധേയമായാണ് “Reserved Trees” മുറിയ്ക്കുവാനുള്ള അവകാശം അസൈനിയ്ക്ക് നൽകിയിട്ടുള്ളത്. 2005-ലെ The Kerala Promotion of Tree Growth in Non-Forest Areas Act, 2005 ലെ “specified trees” എന്ന നിർവ്വചനവും 1986-ലെ The Kerala Preservation of Trees Act- ലെ “trees” എന്ന നിർവ്വചനവും, അവയുടെ ഉദ്ദേശ ലക്ഷ്യവും വ്യത്യസ്തമാണ്. 1986 ലെ ആക്ടിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്ന മരങ്ങൾ മുറിയ്ക്കുന്നതിനാണ് ടി ആക്ടിന്റെ വകുപ്പ് 22,4 എന്നിവയിലെ വിലക്ക് ബാധകമാകുന്നത്. പതിവ് നൽകുന്ന ഭൂമിയിലെ മരങ്ങൾ മുറിയ്ക്കുന്നതും, അതിന്റെ നിബന്ധനകളും 1964-ലെ ഭൂപതിവ് ചട്ടങ്ങൽ മുഖേന വ്യവസ്ഥ ചെയ്യപ്പെടേണ്ടവയാകയാൽ, ടി ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഭരണവകുപ്പ് പുറപ്പെടുവിച്ച പരിപത്രവും ഉത്തരവും നിയമപരമായി നിലനിൽക്കുന്നതല്ല. അക്കാരണത്താൽ അവ റദ്ദ് ചെയ്യപ്പെടേണ്ടതാണ്. എന്നാൽ, ഭരണ വകുപ്പ് ഇപ്പോൾ നിർദ്ദേശച്ചിട്ടുള്ള പ്രകാരം ഒരു ഉത്തരവ് പുറപ്പെടുവിയ്ക്കേണ്ടതില്ലെന്നും, ഈ വകുപ്പ് ചൂണ്ടിക്കാണിച്ച വസ്തുതകൾ പരിഗണിച്ചു കൊണ്ടും ഭരണവകുപ്പിന്റെ കരട് ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രസക്ത ഭാഗങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടും 1964-ലെ ചട്ടങ്ങളിൽ ഉചിതമായ ഭേദഗതി കൊണ്ടു വരേണ്ടതാണെന്നും ആയതിനുള്ള കരട് തയ്യാറാക്കി ഈ വകുപ്പിന്റെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കാനും ഭരണ വകുപ്പിനോട് നിർദ്ദേശിക്കുന്നു. |
| (ബി) | ഇത് സംബന്ധിച്ചുള്ള ഫയൽ റവന്യൂ വകുപ്പിൽ നിന്നും നിയമവകുപ്പിന് ലഭിച്ചത് എന്നാണെന്നും പ്രസ്തുത ഫയൽ പരിശോധനയ്ക്ക് ശേഷം തിരികെ റവന്യൂ വകുപ്പിന് നൽകിയത് എന്നാണ് എന്നതിന്റെയും വിശദാംശം നൽകുമോ; | (ബി) | 24/10/2020 ലെ സ.ഉ(കൈ)നം.261/2020/റവ നം ഉത്തരവ് റദ്ദാക്കിക്കൊണ്ട് പുതുക്കിയ നിർദ്ദേശങ്ങൽ നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നത് സംബന്ധിച്ച അഭിപ്രായത്തിനായി പ്രസ്തുത ഫയൽ 03/12/2020 ന് നിയമവകുപ്പിന് നൽകുകയും ആയതിൻമേൽ നടപടി സ്വീകരിച്ച ശേഷം നിയമസെക്രട്ടറി തലത്തിൽ നിയമവകുപ്പിന്റെ ഉപദേശം 20/01/2021 ന് നിയമവകുപ്പിൽ നിന്നും റവന്യൂ വകുപ്പിന് നൽകിയിട്ടുള്ളതുമാണ്. |
| (സി) | പ്രസ്തുത ഫയൽ റവന്യൂ വകുപ്പിന് തിരികെ നൽകുവാൻ കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ അത് എന്തുകൊണ്ടാണ് എന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ? | (സി) | പ്രസ്തുത ഫയൽ റവന്യൂ വകുപ്പിന് തിരികെ നൽകാൻ അകാരണമായ കാലതാമസം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ